# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# കോട്ടയം-686001

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.15-2029/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് കോട്ടയം
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.15-2029/2024 തീയ്യതി: 23/12/2024

# കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-08-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-12-2024

തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-12-2024 | 13-12-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2024 | 13-12-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി. പി ആർ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. രഞ്ജിത്ത് ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിത രതീഷ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ഫൈസൽ എസ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അംബിക എൽ | സിഡിപിഒ (കാഞ്ഞിരപ്പള്ളി) | 01-04-2023 | 31-03-2024 |
| പ്രസന്ന പി എം | സിഡിപിഒ (മുണ്ടക്കയം) | 01-04-2023 | 31-03-2024 |
| അജി പി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.സീന എം ഇസ്മയിൽ | മെഡിക്കൽ ഓഫീസർ,FHC മുണ്ടക്കയം | 01-04-2023 | 31-03-2024 |
| ഡോ. റെക്സൺ പോൾ | മെഡിക്കൽ ഓഫീസർ,CHC എരുമേലി | 01-04-2023 | 31-03-2024 |
| അനീഷ് വി നായർ | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ ബിനു ഗോപിനാഥ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഷാജൻ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| സബിത എസ് വാളുങ്കൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീന എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| കിഷോർ കുമാർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2023 | 17-08-2023 |
| ഡോ വിദ്യാ മോഹൻ | മെഡിക്കൽ ഓഫീസർ,CHC | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| | കൂട്ടിക്കൽ | | |
| ഫൈസൽ കെ കെ | ഐ ഇ ഓ | 01-04-2023 | 31-03-2024 |
| നിഷ മാമ്മൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 18-08-2023 | 31-03-2024 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 2023-24 വർഷം വാർഷിക പദ്ധതിയിൽ പ്രോജക്ട് ചെലവ് ഇല്ല.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗിക്കപ്പെടാത്ത തുകകളുടെ നിജസ്ഥിതി B-18 ഷെഡ്യൂൾ പ്രതിഫലിപ്പിക്കുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളും വിവിധ ഡിമാൻഡ് രജിസ്റ്റർ/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | സ്ഥിര ആസ്തികളുടെ മൂല്യശോഷണം-ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമായില്ല | 1-1-6 |
| 8 | ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താത്ത ആസ്തിക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നു | 1-1-7 |
| 9 | പുതിയ വാഹനം ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-8 |

| | | |
|---|---|---|
| 10 | തൻ വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-9 |
| 11 | ബാലൻസ് ഷീറ്റിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-10 |
| 12 | Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | വാർഷിക പദ്ധതിഅവലോകനം. | 1-5 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പെൻഷനുകൾ-മറ്റ് ധനസഹായ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | വാടക- ഫയൽ/രജിസ്റ്റർ സൂക്ഷിപ്പിലും ഡിമാന്റ് നടപടികളിലും അപാകം | 1-11 |
| 23 | റിഡംപ്ഷൻ തുക – തുക പൂർണ്ണമായും തിരികെ ലഭ്യമായിട്ടില്ല | 1-12 |
| 24 | ഇ ടെണ്ടർ ഫീ തിരികെ ലഭിച്ചിട്ടില്ല. | 1-13 |
| 25 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു | 1-14 |
| 26 | ടെണ്ടർ എക്സസ് തുക നൽകുന്നതിന് വേണ്ടി മാത്രം പ്രത്യേക പ്രോജക്ട് ആവിഷ്ക്കരിച്ച് അധിക തുക നൽകി | 1-15 |

| | | |
|---|---|---|
| 27 | അഞ്ചിലിപ്പ- മാളിയേക്കൽ കോളനി കുടിവെള്ള പദ്ധതി- പൂർത്തിയാക്കിട്ടില്ല, മറ്റ് അപാകതകൾ | 1-16 |
| 28 | പാറത്തോട് ഗ്രാമ പഞ്ചായത്ത് വാർഡ് 10 കൂവപ്പള്ളി തെങ്ങനാപടവ് കുടിവെള്ള പദ്ധതി- പൂർത്തിയാക്കിയിട്ടില്ല. | 1-17 |
| 29 | വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങുവിള കൃഷിക്ക് വിത്ത് വിതരണം- അധിക നിരക്കിൽ തുക നൽകി | 1-18 |
| 30 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകൾ- മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 31 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു. | 1-20 |
| 32 | പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം- പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 33 | പി.എം.എ.വൈ ഭവന നിർമ്മാണം -ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-22 |
| 34 | സി.സി.ടി.വി സ്ഥാപിക്കൽ പദ്ധതിയിലെ അപാകതകൾ | 1-23 |
| 35 | വിശുദ്ധി സേനക്ക് യൂണിഫോം- വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-24 |
| 36 | തേൻമധുരം- തേനീച്ചപ്പെട്ടി വിതരണം- കൃത്യമായ മോണിറ്ററിംഗിന്റെ അഭാവത്തിൽ ഭൗതീക ലക്ഷ്യം കൈവരിച്ചത് ഉറപ്പാക്കാനാകുന്നില്ല | 1-25 |
| 37 | നിക്ഷേപ പ്രവൃത്തികൾ-പൂർത്തീകരണ വിവരം ലഭ്യമാകാതെ മുൻകൂർ ക്രമീകരിച്ചത് | 1-26 |

| | | |
|---|---|---|
| 38 | വിഷയാധിഷ്ഠിത അവലോകനം- മാലിന്യ സംസ്കരണം | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ടെണ്ടർ എക്സസ് തുക നൽകൽ- അധിക തുക നൽകി | 3-1 |
| 2 | വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങുവിള കൃഷിക്ക് വിത്ത് വിതരണം- അധിക നിരക്കിൽ തുക നൽകി | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല

പഞ്ചായത്തിന്റെ 31.03.2024 തീയതി പ്രകാരമുള്ള ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22/06/2024 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ

പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ

ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-3 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗിക്കപ്പെടാത്ത തുകകളുടെ നിജസ്ഥിതി B-18 ഷെഡ്യൂൾ പ്രതിഫലിപ്പിക്കുന്നില്ല.

B-18 ഷെഡ്യൂൾ പ്രകാരം 31.03.24 ൽ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ 892850/- രൂപ മാത്രമാണ് വിനിയോഗിക്കാതെ അവശേഷിക്കുന്നത്. എന്നാൽ ഇതിൽ അധികമായ തുക വിവിധ ഏജൻസികളിൽ വിനിയോഗിക്കാതെ നിക്ഷേപമായി തുടരുന്നുണ്ട്. ആധികാരികമായ വിനിയോഗ സാക്ഷ്യപത്രം കൂടാതെ നിക്ഷേപ തുക ആസ്തിവൽക്കരിക്കുന്നത് അക്കൗണ്ടിങ്ങിലെ ഗുരുതരമായ പിഴവാണ്. (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് കാണുക)

## 1-1-4 വാർഷിക കണക്കുകളിലെ തുകകളും വിവിധ ഡിമാൻഡ് രജിസ്റ്റർ/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 (3 എ)) പ്രകാരം, വാടക വരവിന്റെ 2023-24 ഡി.സി.ബി. തയ്യാറാക്കി ലഭ്യമാക്കിയെങ്കിലും, ആയത് വാർഷിക പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വാടക സംബന്ധമായി വാർഷിക ധനകാര്യപത്രിക പ്രതിഫലിപ്പിക്കുന്ന തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. ബാലൻസ് തുകകളുടെ പൊരുത്തപ്പെടുത്തലുകൾ നടത്തി കൃത്യമാക്കേണ്ടതാണ്.

## 1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 പ്രകാരം, പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ, ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് രജിസ്റ്റർ, പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ (ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ, എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇത് സംബന്ധമായ ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന വർഷ്യാന്ത്യ തുകകളുടെ കൃത്യത വ്യക്തമല്ല.

### 1-1-6 സ്ഥിര ആസ്തികളുടെ മൂല്യശോഷണം-ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമായില്ല

വിവിധ സ്ഥിര ആസ്തികളുടെ മൂല്യശോഷണ ഇനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട തുക കണക്കാക്കിയതിന്റെ അടിസ്ഥാനം, അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ നൽകിയിട്ടുള്ള പ്രൊവിഷന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. പരാമർശിത രേഖകൾ ലഭ്യമാക്കി പ്രൊവിഷൻ തുകയുടെ കൃത്യത ബോധ്യപ്പെടുത്തേണ്ടതാണ്.

### 1-1-7 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താത്ത ആസ്തിക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നു

വർഷിക ധനകാര്യ പത്രികയിലെ B-11 ഷെഡ്യൂൾ പരിശോധിച്ചതിൽ Sewerage & Drainage നു തൻവർഷം ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളതായി കാണുന്നു (74635). എന്നാൽ Sewerage & Drainage ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളെ വിവിധ ബ്ലോക്കുകളായി തരം

തിരിക്കുന്നത് മൂലമാണ് ഇപ്രകാരമൊരു വർഗ്ഗീകരണം നടത്തിയതെങ്കിൽ വിശദാംശങ്ങൾ നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ വെളിപ്പെടുത്തേണ്ടതാണ്.

## 1-1-8 പുതിയ വാഹനം ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

2023-24 സാമ്പത്തിക വർഷം വാങ്ങിയ വാഹനം (KL-34-J-0574- മാരുതി XL6) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. 2022-23, 2023-24 വാർഷിക ധനകാര്യ പത്രികകളിലെ Movable Assets- Vehicle എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ തുകയാണ് (722,942 രൂപ). ആയതിനാൽ പുതിയ വാഹനം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാണ്. ആസ്തികൾ ആർജ്ജിക്കുന്ന മുറയ്ക്ക് രജിസ്റ്ററും മൂലധന കണക്കുകളും അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-9 തൻ വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല

മുൻ വർഷ, തൻ വർഷ ധനകാര്യ പത്രികകളിലെ B-11 ഷെഡ്യൂളുകൾ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം സുസ്ഥിര ആസ്തി ഇനത്തിൽ 76,52,795 രൂപയുടെ വർദ്ധനവ് ഉണ്ടായതായി കാണുന്നുണ്ടെങ്കിലും പ്രസ്തുത ആസ്തികൾക്ക് തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതായി കാണുന്നില്ല.

## 1-1-10 ബാലൻസ് ഷീറ്റിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

ബി 2 ഷെഡ്യൂളിലെ 311100199, ബി 4 ഷെഡ്യൂളിലെ 320300199 എന്നീ ശീർഷകങ്ങളിൽ നിലനിൽക്കുന്ന യഥാക്രമം 9,200/- രൂപ, 10,14,128/- രൂപ എന്നീ തുകകളുടെ

വിശദാംശങ്ങൾ ലഭ്യമായില്ല.

## 1-1-11 Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല

Prior Period ആയി (ഷെഡ്യൂൾ I-18) ക്രമീകരിച്ച 4,46,868/- രൂപയുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി വിശദമാക്കിയിട്ടില്ല. നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കി പ്രസ്തുത തുകകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തേണ്ടതാണ്.

## 1-2 ബജറ്റ്

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 23/03/2023 തീയതിയിലെ 2(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് സംഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് സംഷിപ്തം |
|---|---|
| മുന്നിരിപ്പ് | 44892/- |
| വരവ് | 57,11,10,492/- |
| ആകെ | 571155384/- |
| ചെലവ് | 57,03,05,100/- |
| നീക്കിയിരിപ്പ് | 850284/- |

തൻവർഷത്തേയ്ക്കുള്ള ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 57.11 കോടി രൂപയായിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ വരുമാനം 6.78 കോടി രൂപ മാത്രമാണ്. ബജറ്റ് തൻവർഷത്തെ പ്രതീക്ഷിത ചെലവ് 57.03 കോടി

രൂപ ആയിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പ്രകാരമുള്ള ആകെ ചെലവ് 74.47കോടി രൂപ മാത്രമാണ്. ഇപ്രകാരം ബജറ്റ് തുകകളിൽ നിന്ന് താരതമ്യത്തിന് അതീതമായ വ്യതിയാനം നിലനിൽക്കുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി വിപുലമായ തയ്യാറെടുപ്പുകളോടെ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ബജറ്റ് രേഖ ധനവിനിയോഗ നിയന്ത്രണത്തിനും സമാഹരണത്തിനും ഒരു തരത്തിലും പ്രയോജനപ്പെടുന്നില്ല. തൻവർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരുമാനം കേവലം 6.78 കോടി രൂപയായിരിക്കെ തൻവർഷത്തെ ആകെ ചെലവ് 74.47 കോടി രൂപയായി കണക്കാക്കിയതിന്റെ നിജസ്ഥിതി വ്യക്തമല്ല. വരുമാനത്തെ അപേക്ഷിച്ച് ഏകദേശം 11 ഇരട്ടിയോളമാണ് തൻവർഷത്തെ ചെലവ് എന്ന കണക്കാക്കൽ യുക്തിസഹവും വിശ്വസനീയവുമല്ല. വാർഷിക ബജറ്റ് 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിൽ അനുശാസിച്ചിട്ടുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും സമയപരിധിയും പാലിച്ച് സമഗ്രമായി തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 13,399,808/- |
| ഓഡിറ്റ് വർഷത്തെ വരവ് | 70,618,773/- |
| ആകെ | 84,018,581/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 73,783,487/- |
| നീക്കിയിരിപ്പ് | 10,235,094/- |

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 67,898,110/- |
| ആകെ ചെലവ് | 74,479,797/- |
| പ്രവർത്തന നഷ്ടം | 6,581,687 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 446,868 |
| അറ്റ പ്രവർത്തന നഷ്ടം | 7,028,555 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | 26,939/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **37,06,443/-** |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 36788000 | 36788000 | 25451187 | 11336813 | 69.18 |
| വികസനഫണ്ട് എസ്.സി.പി. | 0 | 22100000 | 22100000 | 14478444 | 7621556 | 65.51 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2856000 | 2856000 | 1801949 | 1054051 | 63.09 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 16166600 | 16166600 | 5316563 | 10850037 | 32.88 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 2739179 | 6461131 | 9200310 | 6973616 | 2226694 | 75.79 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 7182660 | 4569000 | 11751660 | 5771990 | 5979670 | 49.11 |
| ഹെൽത്ത് ഗ്രാന്റ് | 2006058 | 60285 | 2066343 | 1401014 | 665329 | 67.80 |

ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് വിഭാഗത്തിലെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 2414435/- രൂപയും ടൈഡ് വിഭാഗത്തിലെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് 6141202/- രൂപയുമാണ്. എന്നാൽ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം ടിയിനത്തിലെ നീക്കിയിരിപ്പ് തുക വ്യത്യസ്തമായി ഉൾപ്പെടുത്തിയിരിക്കുന്നു. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ടി അപാകത നിലനിൽക്കുന്നതിന് വിധേയമായാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 വാർഷിക പദ്ധതിഅവലോകനം.

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.02.2023 ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 03.02.2024ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.
വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 16.12.2022, 17.12.2022 |
| ബ്ലോക്ക് ഗ്രാമസഭകൾ | 21.12.2022 |
| | |

| | |
|---|---|
| ആസൂത്രണസമിതി യോഗം | 12.12.2022 |
| വികസനസെമിനാർ | 06.01.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|
| 215 | 137032607 | 123 | 63185250 | 92 | 57.2 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്കുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്കുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| സി.ഡി.പി.ഒ | 10 | 4399118 | 9 | 4053395 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 64 | 50435916 | 33 | 21159881 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 1600000 | 3 | 1337728 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 25 | 8928132 | 21 | 7657527 |

| | | | | |
|---|---|---|---|---|
| പട്ടികജാതി വികസന ഓഫീസർ | 4 | 8825000 | 3 | 6301077 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 1675000 | 3 | 1239857 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 4200000 | 5 | 2946243 |
| വ്യവസായ വികസന ഓഫീസർ | 9 | 3555000 | 4 | 1190354 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 5 | 8700000 | 0 | 0 |
| അസിസ്റ്റന്റ് എൻജിനീയർ | 86 | 44714441 | 42 | 17299188 |
| ആകെ | 215 | 137032607 | 123 | 63185250 |

**30862457/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.**

2023-24 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 30862457/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 36788000 | 25451187 | 11336813 |
| വികസന ഫണ്ട് (എസ്.സി.പി) | 22100000 | 14478444 | 7621556 |
| വികസന ഫണ്ട് (ടി.എസ്.പി) | 2856000 | 1801949 | 1054051 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 16166600 | 5316563 | 10850037 |
| ആകെ | | | 30862457 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 308 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

. <u>നിക്ഷേപ പ്രവൃത്തികൾ- ഭീമമായ തുക വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 892850/- രൂപ മാത്രമാണ് വിനിയോഗിക്കാതെ അവശേഷിക്കുന്നത് എന്നാണ് കണക്കുകളിലൂടെ വെളിപ്പെടുത്തിയിട്ടുള്ളത്. (കണക്കുകൾ പ്രകാരം ഭൂജലവകുപ്പിൽ നിക്ഷേപിച്ച

375000/- രൂപയുടെ വിനിയോഗ വിവരവും, മറ്റ് അക്രെഡിറ്റഡ് ഏജൻസികളിൽ നിക്ഷേപിച്ച 517850/- രൂപയുടെ വിനിയോഗ വിവരവും മാത്രമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്.) എന്നാൽ പ്രസ്തുത കണക്കാക്കൽ ഒട്ടും തന്നെ കൃത്യമല്ല എന്നും വാർഷിക കണക്കുകൾ പ്രതിഫലിപ്പിക്കുന്നതിൽ അധികമായ തുക വിനിയോഗിക്കപ്പെടാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടിൽ അവശേഷിക്കുന്നതായും ഓഡിറ്റിൽ ബോധ്യമായിട്ടുണ്ട്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവിധ വർഷങ്ങളിലായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ഗണ്യമായ വിഹിതം ആധികാരികമായ വിനിയോഗ സാക്ഷ്യപത്രം കൂടാതെ ആസ്തിവൽക്കരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

വാർഷിക പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് പോരായ്മകൾ താഴെ ചേർക്കുന്ന.

1) വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളിൽ 57.2% മാത്രമാണ്

പൂർത്തിയാക്കിയിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 46.11 മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.

2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 5 പ്രോജക്ടുകൾ ഏറ്റെടുത്തെങ്കിലും ഒന്നും പൂർത്തിയാക്കിയിട്ടില്ല.

3) അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 86 പ്രജക്ടുകൾ ഏറ്റെടുത്തതിൽ 44 എണ്ണം തൻവർഷം നടപ്പാക്കാൻ സാധിച്ചിട്ടില്ല.

4) സർക്കാർ ഗ്രാന്റുകളുടെ ചെലവ് നിർബന്ധിത പരിധിയായ 80 ശതമാനം എത്താത്തതിനാൽ ഷോർട്ട് ഫാൾ ഇനത്തിൽ 2025-26 വർഷം ഫണ്ട് നഷ്ടമാകാൻ സാധ്യത.

5) വിവിധ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തിരുന്നെങ്കിലും ഭൂരിഭാഗവും പൂർത്തിയാക്കിയാക്കാൻ സാധിച്ചിട്ടില്ല.

6) കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാതെയാണ്.

7) വിവിധ പ്രോജക്ടുകളുടെ 9419414 രൂപയുടെ ബില്ലുകൾ ക്യൂവിലായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | തുക | ക്യൂവിലായ ബില്ലുകളുടെ എണ്ണം | പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 3147090 | 9 | 7 |
| വികസന ഫണ്ട് (എസ്.സി.പി) | 873170 | 6 | 4 |
| | | | |

| | | | |
|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 496898 | 1 | 1 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4902256 | 9 | 8 |
| ആകെ | 9419414 | 25 | 20 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ പ്രവൃത്തികൾ ഒന്നും നടപ്പാക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് ലെവൽ ജീവനക്കാരുടെ ശമ്പളം മറ്റ് ഓഫീസ് ചെലവുകൾ എന്നീ വിനിമയങ്ങൾ മാത്രമാണ് നടത്തുന്നത്. ആയതിന്റെ വിശദാംശങ്ങൾ കാഷ് ബുക്ക് പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 5241.62 |
| വരവ് | 2446845 |
| ആകെ | 2452086.62 |
| ചെലവ് | 2452086.62 |
| നീക്കിയിരിപ്പ് | 0 |

ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിലാണ് ടി ഇടപാടുകൾ നടത്തുന്നത്. ആയതിനാൽ ഈ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല.

## 1-7 ക്ഷേമ പെൻഷനുകൾ-മറ്റ് ധനസഹായ പദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് വഴി ക്ഷേമ പെൻഷനുകൾ ഒന്നും വിതരണം ചെയ്യുന്നില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 05.12.2024 -ന് 03.45 PM -ന് അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയതിൽ പ്രസ്തുത സമയത്ത് ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1)-ാം വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ അനുശാസിച്ചിട്ടുള്ള പൊതു/മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. നാലാം പട്ടികയിൽ വിവരിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കാൻ പര്യാപ്തമായവിധം വാർഷിക പദ്ധതി ആസൂത്രണ/രൂപീകരണ/നിർവ്വഹണ ഘട്ടങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്.
ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് രൂപീകരണ നടപടിക്രമങ്ങൾ, ബജറ്റ് ഡോക്യുമെന്റിന്റെ കൃത്യത, ബജറ്ററി കൺട്രോൾ എന്നിവയും നിയമാനുസൃതവും കാര്യക്ഷമവും ആക്കേണ്ടതുണ്ട്. ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയും തദനുസരണമായ ഭൗതീകനേട്ടം ആർജിക്കുന്നതിലെ പുരോഗതിയും ഉറപ്പാക്കേണ്ടതുണ്ട്.

വാർഷിക ധനകാര്യപത്രകയിലെ വിവിധ ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള സപ്പോർട്ടിംങ് രജിസ്റ്ററുകൾ (Deposit Register, Advance Register, Civil Advance Register, Dues To Government And Other Institution Register, DCB Registers മുതലായവ) സൂക്ഷിക്കാത്തതും, അപൂർണ്ണമായി സൂക്ഷിക്കുന്നതുമായ രീതിയാണ് പിന്തുടരുന്നത്. ആധികാരികമായ വിനിയോഗ സാക്ഷ്യപത്രം കൂടാതെ സിവിൽ അഡ്വാൻസുകൾ (വിവിധ ഏജൻസികളിൽ നിക്ഷേപിച്ചത്) ആസ്തിവൽക്കരിക്കുന്ന പ്രവണത അക്കൗണ്ടിങ്ങിൽ നിലനിൽക്കുന്ന ഗുരുതരമായ വീഴ്ച്ചയാണ്. കൂടാതെ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബിൽ പരിശോധനയിലെ അപാകത മൂലം ടെണ്ടർ എക്സസ് അധികമായി നൽകുന്നത് യഥാസമയം അധികൃതർക്ക് കണ്ടെത്താനാകാത്ത സാഹചര്യവും ഓഡിറ്റ് പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ബിൽ സ്ക്രൂട്ടിനിയിൽ നിലവിൽ അനുവർത്തിക്കുന്ന മേൽ പരിശോധനാ സംവിധാനം കുറ്റമറ്റതാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിലെയും കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളിലെയും മനുഷ്യശേഷി കൃത്യമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിങ് നടപടികളിൽ ന്യൂനത നിലനിൽക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ | 15.05.2023-31.05.2023 | 2018-19 മുതൽ | ഓഡിറ്റ്-1/ എ.എം.ജി-1/(എച്ച്.ക്യു)III |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2022-23 വരെ | /II/സി3/ ബി.പി/8എ-13/2023-24/06 തീയതി. 20.07.2023 |
| പെർഫോർമൻസ് ഓഡിറ്റ് | 10.07.2023-22.07.2023 | 2021-22 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |

## 1-11 വാടക- ഫയൽ/രജിസ്റ്റർ സൂക്ഷിപ്പിലും ഡിമാന്റ് നടപടികളിലും അപാകം

2023-24 വർഷത്തെ വാടക രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1) വാടക- കുടിശ്ശിക ഈടാക്കാൻ കാര്യക്ഷമമായ ഭരണതല നടപടി അനിവാര്യം.**

2023-24 വർഷത്തെ വാടക രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ നിന്നും കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ളതും വാടകക്ക് നൽകിയിട്ടുള്ളതുമായ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു .

| ക്രമ നം | വാടക കെട്ടിടത്തിന്റെ വിവരങ്ങൾ | പ്രതിമാസ വാടക (രൂപ) | ആകെ കുടിശ്ശിക (രൂപ) | കുടിശ്ശിക മാസം |
|---|---|---|---|---|
| 1 | ചോറ്റി വനിത പരിശീലന കേന്ദ്രം ഓഡിറ്റോറിയം | 5900= 5000+ 900- ജി.എസ്.ടി | 70800 | 04/23 മുതൽ 03/24 വരെ |

| | | | | |
|---|---|---|---|---|
| 2 | ഒഴുക്കനാട് സാംസ്കാരിക നിലയം, 77 നമ്പർ അംഗൻവാടി, എരുമേലി | 2000= 1695+ 306- ജി.എസ്.ടി | 20000 | 06/24 മുതൽ 03/24 വരെ |

കെട്ടിട നമ്പർ, കുത്തകക്കാരന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കാര്യക്ഷമമായ ഭരണതല നടപടികളിലൂടെ കുടിശ്ശിക തുക പൂർണ്ണമായി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

**2) വാടക കുടിശ്ശിക രജിസ്റ്റർ/ വാർഷിക കണക്കുകൾ പ്രകാരമുള്ള തുക വ്യത്യാസപ്പെട്ടിരിക്കുന്നു.**

ധനകാര്യ പത്രിക പ്രകാരം തൻവർഷ വാടകകുടിശ്ശിക 1,04,635/- രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശിക 75023 രൂപയുമാണെങ്കിലും പരിശോധനക്ക് ഹാജരാക്കിയ വാടകരജിസ്റ്റർ പ്രകാരം ഇത് യഥാക്രമം 85897 രൂപയും 66400 രൂപയുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടക കുടിശ്ശികയും രജിസ്റ്റർ പ്രകാരമുള്ളവയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പരാമർശിത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/11-12-24) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകകുടിശ്ശിക ഈടാക്കേണ്ടതും ബാലൻസ് തുകകളിലെ പൊരുത്തപ്പെടുത്തലുകൾ നടത്തി കൃത്യമാക്കേണ്ടതും 2023-24 ഡി.സി.ബി., കുടിശിക ഡി.സി.ബി. പത്രികകൾ തയ്യാറാക്കി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-12 റിഡംപ്ഷൻ തുക – തുക പൂർണ്ണമായും തിരികെ ലഭ്യമായിട്ടില്ല

മുൻ വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂൾ പ്രകാരം 3,957,904/- രൂപ റിഡംപ്ഷൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നതായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ വാർഷിക കണക്കുകളിലെ RP 43 ഷെഡ്യൂൾ പ്രകാരം ആയതിൽ 33,87,141/- രൂപ മാത്രമേ തൻവർഷം തിരികെ ലഭ്യമായിട്ടുള്ളു. ബാക്കി 5,70,763/- രൂപ തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, തുക ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/11.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകാനുള്ള തുകയുടെ വിശദാംശങ്ങൾ പരിശോധിച്ച് പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഇ ടെണ്ടർ ഫീ തിരികെ ലഭിച്ചിട്ടില്ല.

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ വഴിയാണ് നടപ്പാക്കിയത്. ഇ ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീ, LID & EW വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 9/10.12.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ ഫീ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ LID & EW സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ എസ്. ബി. ഐ പൊൻകുന്നം ബ്രാഞ്ചിൽ കറന്റ് അക്കൗണ്ട് ഉള്ളതായി കാണുന്നു (അക്കൗണ്ട് നം. 67381977891). ഈ അക്കൗണ്ടിൽ 30.10.2024 ൽ 46883 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈ തുക ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 10/10.12.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ ക്രോഡീകരിക്കേണ്ടതും ബാധ്യതപ്പെട്ട തുകകൾ അതത് വ്യക്തികൾ/സ്ഥാപനങ്ങൾക്ക് രേഖാമൂലം കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-15 ടെണ്ടർ എക്സസ് തുക നൽകുന്നതിന് വേണ്ടി മാത്രം പ്രത്യേക പ്രോജക്ട് ആവിഷ്ക്കരിച്ച് അധിക തുക നൽകി

പ്രോജക്ട് നം. 177/24
അടങ്കൽ- 500000 രൂപ (തനത് ഫണ്ട്)
ചെലവ്- 416024 രൂപ (ബിൽ നം. 189/14.11.23)
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

വിവിധ പ്രവൃത്തികളുടെ ടെണ്ടർ എക്സസ് തുക നൽകുന്നതിനായി മാത്രം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ 2023-24 വർഷം നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. 2022-2023 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എക്സസ് നൽകുന്നതിനാണ് പ്രോജക്ട് വകയിരുത്തൽ പ്രകാരമുള്ള തുക ചെലവഴിച്ചത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ | നൽകിയ തുക | റിമാർക്ക് |
|---|---|---|---|
| 1 | ജിജോ മാത്യു | 323462 | 8 പ്രവൃത്തികളുടെ ടെണ്ടർ എക്സസ് |
| 2 | ബിജു തോമസ് | 44618 | 114/23 |
| 3 | മനോജ് കുമാർ ടി.എം | 19849 | 121/23, ചേനപ്പാടി ഡിവിഷനിലെ എസ്. സി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം |
| 4 | ഷാനവാസ് കെ.എം | 28095 | 123/23, മണ്ണാറക്കയം ഡിവിഷൻ ചെരുവിൽ കോളനി അടിസ്ഥാന സൗകര്യ വികസനം |

| | | | |
|---|---|---|---|
| | ആകെ | 416024 | |

ഇതിൽ ക്രമ നമ്പർ 3 ലെ ചേനപ്പാടി ഡിവിഷനിലെ എസ്. സി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം (പ്രോജക്ട് നം. 121/23) എന്ന പ്രോജക്ടിന്റെ ജി.എസ്.ടി ഉൾപ്പടെയുള്ള ആകെ പ്രവൃത്തിമൂല്യം 519879 രൂപയായിരുന്നു. ഇതിൽ 500000 രൂപ (എസ്.സി.പി ഫണ്ട്) പ്രോജക്ട് നം. 121/23 ൽ നിന്നും ബിൽ നം. 454/25.3.23 പ്രകാരവും, ടെണ്ടർ എക്സസ് തുക 19879 രൂപ (വികസന ഫണ്ട്) പ്രോജക്ട് നം. 94/23 ൽ നിന്നും ബിൽ നം. 467/28.3.23 പ്രകാരവും 2022-23 വർഷം തന്നെ കരാറുകാരനായ മനോജ് കുമാർ ടി.എം.ന് നൽകിയിരുന്നു. ആയതിനാൽ പ്രോജക്ട് നമ്പർ 177/24 ൽ നിന്ന് 19849 രൂപ 121/23-ാം നമ്പർ പ്രോജക്ടിന്റെ ടെണ്ടർ എക്സസ് ആയി മനോജ് കുമാർ ടി.എം.ന് നൽകിയത് അധികച്ചെലവാണ്. വിവിധ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന്റെ ആധികാരിക വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താതെയും കൃത്യമായ പരിശോധന കൂടാതെയും ഇപ്രകാരം അനർഹമായി തുക പിൻവലിച്ച് നൽകുന്ന നടപടി ഉചിതമല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉപേക്ഷ/ ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ട്.

ക്രമ നമ്പർ 4 ലെ മണ്ണാറക്കയം ഡിവിഷൻ ചെരുവിൽ കോളനി അടിസ്ഥാന സൗകര്യ വികസനം (പ്രോജക്ട് നം. 123/23) എന്ന പ്രോജക്ടിന്റെ ജി.എസ്.ടി ഉൾപ്പടെയുള്ള ആകെ പ്രവൃത്തിമൂല്യം 531909 രൂപയായിരുന്നു. ഇതിൽ 505904 രൂപ (എസ്.സി.പി ഫണ്ട്) പ്രോജക്ട് നം. 123/23 ൽ നിന്നും ബിൽ നം. 495/28.3.23 പ്രകാരം 2022-23 വർഷം തന്നെ കരാറുകാരനായ ഷാനവാസ് കെ.എം. ന് നൽകിയിരുന്നു. ആയതിനാൽ ടെണ്ടർ എക്സസ് ആയി ഷാനവാസ് കെ.എം. ന് നൽകേണ്ട തുക 26005 (531909- 505904) രൂപയായിരുന്നു. എന്നാൽ പ്രോജക്ട് നമ്പർ 177/24 ൽ നിന്ന് ഷാനവാസ് കെ.എം. ന് 28095 രൂപ അനുവദിച്ചു. അധികം നൽകിയ തുക 2090 രൂപ (28095- 26005).

കരാറുകാരായ മനോജ് കുമാർ ടി.എം, ഷാനവാസ് കെ.എം. എന്നിവർക്ക് ആകെ

21939 രൂപ (19849 + 2090) അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/20.12.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 21939 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച 19849 രൂപയും 2090 രൂപയും യഥാക്രമം കരാറുകാരായ മനോജ് കുമാർ ടി.എം, ഷാനവാസ് കെ.എം. എന്നിവരിൽ നിന്നും തിരികെ ഈടാക്കാൻ കഴിയാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. മേൽ പ്രോജക്റ്റ് പ്രകാരം ടെണ്ടർ എക്സസ് നൽകിയ എല്ലാ പ്രവൃത്തികളുടെയും മുൻവർഷത്തെ ബിൽ വിശദാംശങ്ങൾ പരിശോധിച്ച് അധികം തുക നൽകിയിട്ടില്ലെന്ന് ഉറപ്പാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 അഞ്ചിലിപ്പ- മാളിയേക്കൽ കോളനി കുടിവെള്ള പദ്ധതി- പൂർത്തിയാക്കിട്ടില്ല, മറ്റ് അപാകതകൾ

പ്രോജക്റ്റ് നം. 165/24

അടങ്കൽ- 900000 രൂപ ( ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്- 624900 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്റ്റ്. കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ അഞ്ചിലിപ്പ- മാളിയേക്കൽ കോളനിയിൽ 5.2m വ്യാസവും 6m താഴ്ചയുമുള്ള RCC കുളവും കുളത്തിനോട് ചേർന്ന് സ്റ്റീൽ സ്ട്രക്ചറിൽ പമ്പ് ഹൗസും നിർമ്മിക്കുന്നതിനാണ് പ്രോജക്റ്റ്. ഇലക്ട്രിഫിക്കേഷൻ വർക്കിനായി 200000 രൂപയും വകയിരുത്തിയിരുന്നു. പ്രോജക്റ്റിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ | ചെലവ് തുക | ബിൽ നം/ തീയതി | ഫണ്ടിനം |
|---|---|---|---|
| ഒന്നാം പാർട്ട് ബിൽ | 459230 | 114/7.9.2023 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| രണ്ടാം പാർട്ട് ബിൽ | 165670 | 595/ 30.3.2024 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ആകെ | 624900 | | |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് ഏറ്റെടുക്കുന്നതിന് മുൻപ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.

2) കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി പമ്പിംഗ് മെയിൻ, വിതരണലൈൻ, മോട്ടോർ എന്നിവ സ്ഥാപിക്കൽ, തുടങ്ങിയ ഇനങ്ങൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) 6.2.23 ൽ തുടങ്ങിയ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമായിരുന്നു. രണ്ടാം പാർട്ട് ബിൽ നൽകുന്നത് വരെയുള്ള പണികൾ ചെയ്ത് തീർത്തിട്ടുള്ളത് 26.3.24 നാണ്. കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും സപ്ലിമെന്ററി കരാർ വെച്ചിട്ടില്ല. ഫൈൻ ഈടാക്കിയിട്ടുമില്ല.

4) എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന പമ്പ് ഹൗസ് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികൾ ചെയ്തില്ല.
5) എസ്റ്റിമേറ്റിലെ 2-ാം ഇനമായി 25.723m3 കടുപ്പമുള്ള പാറ പൊട്ടിച്ചിട്ടുണ്ട്. അതിന്റെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പാറയുടെ വിലയായി 21219 രൂപ ഒന്നാം പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത് കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ അതിന്റെ ജി.എസ്.റ്റി കണക്കാക്കി കുറവ് ചെയ്തില്ല.
6) പ്രവൃത്തി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
അപാകതകൾ സംബന്ധിച്ച് വിശദീകരണവും കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ വിവരവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 3/10.12.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് കുടിവെള്ള പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 2023-24 വർഷത്തെ 624900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 പാറത്തോട് ഗ്രാമ പഞ്ചായത്ത് വാർഡ് 10 കൂവപ്പള്ളി തെങ്ങനാപടവ് കുടിവെള്ള പദ്ധതി- പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്റ്റ്. നം. 178/24
അടങ്കൽ- 500000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്- 446543 രൂപ (ബിൽ നം. 163/1.11.23)
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്റ്റ്. പ്രോജക്റ്റ് പ്രകാരം പാറത്തോട് ഗ്രാമ പഞ്ചായത്തിന്റെ 10-ാം വാർഡിൽ 4.3m വ്യാസവും 6m താഴ്ചയുമുള്ള കിണർ നിർമ്മിച്ച്

RCC സ്റ്റീനിംഗ് നൽകിയിട്ടുണ്ട്. പമ്പ് ഹൗസും നിർമ്മിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ മറ്റിനങ്ങൾ ചെയ്യുന്നതിന് തുടർ പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 19/12.12.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 13.12.24 ൽ സ്ഥലപരിശോധന നടത്തിയതിൽ കിണർ, പമ്പ് ഹൗസ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഇനങ്ങൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്ന് കണ്ടു. തുടർ പ്രോജക്റ്റുകൾ സമയബന്ധിതമായി ജലവിതരണം സാധ്യമാകുന്ന വിധം ഏറ്റെടുത്ത് കുടിവെള്ള പദ്ധതി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. അതുവരെ 446543 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങുവിള കൃഷിക്ക് വിത്ത് വിതരണം- അധിക നിരക്കിൽ തുക നൽകി

പ്രോജക്റ്റ് നം. 213/24
അടങ്കൽ- 500000 രൂപ (വികസന ഫണ്ട്)
ചെലവ്-500000 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി അസിസ്റ്റന്റ് ഡയറക്ടർ

കാഞ്ഞിരള്ളി ബ്ലോക്ക് പഞ്ചായത്തിൽ 2023-24 ൽ നടപ്പാക്കിയതാണ് മേൽ പ്രോജക്റ്റ്. പ്രോജക്റ്റ് പ്രകാരം KAICO റീജിയണൽ ഓഫീസ് തിരുവല്ലയിൽ നിന്നും കിറ്റൊന്നിന് 500 രൂപ നിരക്കിൽ 1000 കിറ്റുകൾ വാങ്ങി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 ഗ്രാമ പഞ്ചായത്തുകളിലെ 105 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/ തീയതി | തുക | ബിൽ നം/ തീയതി | കിറ്റുകളുടെ എണ്ണം |
|---|---|---|---|---|
| 1 | V-2072A/23-24/26.2.24 | 195000 | 13/23-24/28.2.24 | 390 |
| 2 | V-2140A/23-24/29.2.24 | 92500 | 14/23-24/5.3.24 | 185 |
| 3 | V-2141A/23-24/4.3.24 | 92500 | 16/23-24/7.3.24 | 185 |
| 4 | V-2142A/23-24/7.3.24 | 75000 | 17/23-24/25.3.24 | 750 |
| 5 | V-2143A/23-24/12.3.24 | 45000 | 17/23-24/25.3.24 | 90 |
| | ആകെ | 500000 | | 1000 |

ഇൻവോയ്സ് പ്രകാരം ഒരു കിറ്റിൽ കിലോഗ്രാമിന് 60 രൂപ നിരക്കിൽ 3 കിലോ ചേനയും, കിലോഗ്രാമിന് 81 രൂപ നിരക്കിൽ 2 കിലോ ചേമ്പും, കിലോഗ്രാമിന് 51 രൂപ നിരക്കിൽ 3 കിലോ കാച്ചിലുമാണ് ഉള്ളത്. ഇപ്രകാരം ഒരു കിറ്റിന് 495 രൂപയാണ് (60x3 + 81x2+ 51x3) വില വരുന്നത്. കിറ്റിന് 495 രൂപ നിരക്കിൽ 1000 കിറ്റുകൾക്ക് 495000 രൂപയാണ് നൽകേണ്ടിയിരുന്നത്. അതായത് 5000 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 7/1012.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 5000 രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. KAICO തിരുവല്ല റീജിയണൽ ഓഫീസിൽ നിന്നും 5000 രൂപ തിരികെ

ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും 5000 രൂപ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകൾ-മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി കാഞ്ഞിപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1) പ്രോജക്റ്റ് നം 213/24

സമഗ്ര വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങുവിള കൃഷിക്ക് വിത്ത് വിതരണം.

അടങ്കൽ- 500000 രൂപ (വികസന ഫണ്ട്)

ചെലവ്- 500000 രൂപ (വികസന ഫണ്ട്)

| തുക | ബിൽ നം./തീയതി |
|---|---|
| 195000/- | 13/23-24/28.2.24 |
| 92500/- | 14/23-24/05.3.24 |
| 92500/- | 16/23-24/07.3.24 |
| 120000/- | 17/23-24/25.3.24 |
| 500000/- | |

പ്രോജക്റ്റ് പ്രകാരം KAICO തിരുവല്ല റീജിയണൽ ഓഫീസിൽ നിന്നും 1000 കിഴങ്ങുവിള കിറ്റുകൾ വാങ്ങി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 ഗ്രാമ പഞ്ചായത്തുകളിലെ 105 കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

2) പ്രോജക്റ്റ് നം 241/24

സുഫലം- വനിതാ ഗ്രൂപ്പുകൾക്ക് വാഴ കൃഷിക്ക് വാഴവിത്ത് വിതരണം.
അടങ്കൽ- 1000000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്- 702000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

| തുക | ബിൽ നം./തീയതി |
|---|---|
| 199800/- | 442/23.2.24 |
| 199800/- | 438/23.2.24 |
| 302400/- | 489/05.3.24 |
| 702000/- | |

പ്രോജക്ട് പ്രകാരം KAICO തിരുവല്ല റീജിയണൽ ഓഫീസിൽ നിന്നും 39000 വാഴവിത്തുകൾ വാങ്ങി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 ഗ്രാമ പഞ്ചായത്തുകളിലെ 53 കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്ടുകളുടെ പൂർത്തീകരണം ഭൗതിക നേട്ടം ആർജ്ജിക്കൽ എന്നിവ സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 8/10.12.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും ആർജ്ജിച്ച ഭൗതീക നേട്ടത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. അതുവരെ മേൽ രണ്ട് പ്രോജക്ടുകളുടെ ആകെ 1202000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി -പൂർത്തിയാക്കുവാൻ അവശേഷിക്കുന്നു.

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പഠന മുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം കരാറിലേർപ്പെട്ട മനു മോഹനൻ എന്ന ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് .ഒ 86/24 |
| പ്രോജക്ട് | പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠന മുറി |
| ഫണ്ട് | വികസന ഫണ്ട് (ടി.എസ്.പി.) |
| അടങ്കൽ | 1400000 |
| ചെലവ് | 1250000 |

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | ബിൽ നമ്പർ | തിയതി | തുക |
|---|---|---|---|
| മനു മോഹനൻ കോട്ടപ്പറമ്പിൽ പുലിക്കല്ല്-മണിമല | 14/23-24 | 30.12.2024 | 30000/- |
| | 23/23-24 | 23.01.20204 | 60000/- |
| | 36/23-24 | 18.03.2024 | 80000/- |
| | | | |

| ആകെ | | | 170000 |
|---|---|---|---|

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 06/10.12.2024) മൂന്ന് ഗഡുവരെയുള്ള തുക അനുവദിച്ചിട്ടുണ്ടെങ്കിലും (170000) നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്ന പ്രകാരം അടിയന്തിരമായി ടി ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. മേൽ ഗുണഭോക്താവിന് വേണ്ടിയുള്ള ചെലവ് തുകയായ 170000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-21 പട്ടികജാതി വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം- പൂർത്തീകരിച്ചിട്ടില്ല.</u>

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പഠന മുറി നിർമ്മാണം എല്ലാ ഗുണഭോക്താക്കളും പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 85/24 |
| ഫണ്ട് | വികസന ഫണ്ട് (എസ് സി പി) |
| അടങ്കൽ | 7000000/- |
| ചെലവ് | 6159269/- |

പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്തവ് | പഞ്ചായത്ത് | തുക കൈപ്പറ്റിയ തിയതി | തുക |
|---|---|---|---|---|
| 1 | നവീൻ തങ്കപ്പൻ | എരുമേലി | 26.10.2023 | 30000 |
| | | | 01.02.2024 | 60000 |
| | | | 26.12.2024 | 80000 |
| | | | | **170000** |
| 2 | ആതിര ബിജു | എരുമേലി | 03.11.2023 | 30000 |
| | | | 27.03.2024 | 60000 |
| | | | 08.07.2024 | 80000 |
| | | | | **170000** |
| 3 | നവീൻ ബാബു | മുണ്ടക്കയം | 03.11.2023 | 30000 |
| | | | 23.03.2024 | 60000 |
| | | | 06.03.2024 | 80000 |
| | | | | 170000 |
| 4 | കാർത്തിക് .എം.ആർ | എരുമേലി | 09.11.2023 | 30000 |
| | | | 18.12.2023 | 60000 |
| | | | 28.12.2024 | 80000 |
| | | | | **170000** |
| 5 | സെഫിൻ.എം | മുണ്ടക്കയം | 13.11.2023 | 30000 |
| | | | 06.01.2024 | 60000 |
| | | | 23.02.2024 | 80000 |
| | | | | **170000** |

| | | | | |
|---|---|---|---|---|
| 6 | ദീപീഷ് മോൻ .സി.റ്റി | എരുമേലി | 29.11.2023 | 30000 |
| | | | 27.12.2023 | 60000 |
| | | | 12.02.2024 | 80000 |
| | | | | **170000** |
| 7 | ശ്രീജിത്.എസ് | എരുമേലി | 02.02.2023 | 30000 |
| | | | 05.02.2024 | 60000 |
| | | | 08.07.2024 | 80000 |
| | | | | **170000** |
| 8 | ആദിത്യ മോൾ | എരുമേലി | 01.02.2024 | 30000 |
| | | | 29.02.2024 | 60000 |
| | | | 26.03.2024 | 60000 |
| | | | 27.03.2024 | 20000 |
| | | | | **170000** |
| 9 | അഞ്ജന ബിജു | മണിമല | 27.12.2023 | 30000 |
| | | | 08.01.2024 | 60000 |
| | | | 27.01.2024 | 80000 |
| | | | | **170000** |

നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തികരിക്കുവാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 02/09.12.2024) നൽകിയിരുന്നു. നിരവധി തവണ ടി ഗുണഭോക്താക്കൾക്ക് കത്ത് നൽകിയിട്ടും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ അതത് ഗുണഭോക്താക്കൾ സ്വീകരിച്ചിട്ടില്ല എന്നും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ സഹകരണത്തോട് ചേർന്ന് പഠന മുറികൾ

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ടി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്ന പ്രകാരം അടിയന്തിരമായി മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും ഏതെങ്കിലും ഗുണഭോക്താവിന് അനുവദിച്ചിട്ടുള്ള തുക നിർദ്ദിഷ്ട ആവശ്യത്തിന് പ്രയോജനപ്പെടുത്തിയിട്ടില്ലെങ്കിൽ ആയത് പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്. മേൽ ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവഴിച്ചിട്ടുള്ള 153000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 പി.എം.എ.വൈ ഭവന നിർമ്മാണം -ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

സെക്രട്ടറി നടപ്പിലാക്കിയ പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി (ജനറൽ വിഭാഗം) പ്രകാരം 3 ഗുണഭോക്താക്കൾക്കാണ് 2023-24 സാമ്പത്തിക വർഷം തുക അനുവദിച്ചത്. ആകെ 308000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 10/24 | 400000(പൊതു വിഭാഗം) 1330000(പഞ്ചായത്ത് വിഹിതം) 1862000(ജില്ല പഞ്ചായത്ത് | ബിൽ നമ്പർ-27/23-24/19.02.24-13000/- ബിൽ നമ്പർ-8/23- |

| | | |
|---|---|---|
| | വിഹിതം) | 24/16.05.24-98000/ ബിൽ നമ്പർ-350/23-24/01.02.24-99000/- ബിൽ നമ്പർ-388/23-24/14.02.24-98000/- |
| ആകെ | 3592000/- | 308000/- |

ശാന്തമമ ജോർജ്, രഞ്ചു പി.വി, സോമവല്ലി എന്നീ ഗുണഭോക്താക്കൾക്കാണ് ടി പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി തുക നൽകിയിട്ടുള്ളത്. എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നാളിതുവരെ വിവിധ സാമ്പത്തിക വർഷങ്ങളിലായി ടി ഗുണഭോക്താക്കൾ കൈപ്പറ്റിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | തുക കൈപ്പറ്റിയ തിയതി | തുക |
|---|---|---|
| ശാന്തമ്മ ജോർജ് എഴുപ്ലാക്കൽ | 22.02.2022 | 48000 |
| | 14.12.24 | 99000 |
| | | |

| | | |
|---|---|---|
| കുറുവാമൂഴി | 17.02.24 | 13000 |
| | 29.04.24 | 49000 |
| | **ആകെ** | **209000** |
| രഞ്ചു പി.വി പുത്തൻപുരക്കൽ ഇളംകാട് കൂട്ടിക്കൽ | 25.03.22 | 48000 |
| | 16.05.23 | 98000 |
| | 23.12.23 | 48000 |
| | **ആകെ** | **194000** |
| സോമവല്ലി വാക്കയിൽ തമ്പലക്കാട് കാഞ്ഞിരപ്പള്ളി | 31.03.22 | 48000 |
| | 20.05.22 | 112000 |
| | 05.08.22 | 48000 |
| | 13.03.24 | 98000 |
| | **ആകെ** | **306000** |

**പി.എം.എ.വൈ ഭവന നിർമ്മാണം-രജിസ്റ്റർ പരിശോധിച്ചതിൽ ദീർഘകാലമായി ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| ഗുണഭോക്താവ് | തുക കൈപ്പറ്റിയ തിയതി | തുക |
|---|---|---|
| സനില കുമാരി (പട്ടിക ജാതി വിഭാഗം) | 26.03.2022 | 48000 |
| | 12.08.2022 | 112000 |

| | | |
|---|---|---|
| മുട്ടപ്പള്ളി-എരുമേലി ആകെ | | **160000** |
| നീതു രാജു കൂട്ടിക്കൽ | 25.03.2022 | 48000 |
| മേരി ജോസഫ് താളുങ്കൽ-കൂട്ടിക്കൽ | 20.01.2017 | 48000 |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നമ്പർ 01/10.12.2024)

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും, ഭവന നിർമ്മാണം കാലങ്ങളായി മുടങ്ങികിടക്കുകയും യാതൊരു വിധത്തിലും തുടരുവാൻ സാധിക്കില്ലായെന്നും ബോധ്യപ്പെടുന്ന ഗുണഭോക്താക്കളിൽ നിന്നും ഭവനനിർമ്മാണത്തിനായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-23 സി.സി.ടി.വി സ്ഥാപിക്കൽ പദ്ധതിയിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ എരുമേലി സി.എച്ച്.സി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിന്റെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവ് (രൂപ) | ബിൽ വിശദാംശങ്ങൾ |
|---|---|---|
| നം-222/23-24-മുണ്ടക്കയം | 500000 മെയിന്റനൻസ് | ബിൽ നം 36/18.01.24, 72600 |

| | | |
|---|---|---|
| എഫ്.എച്ച്.സി, എരുമേലി സി.എച്ച്.സി എന്നിവിടങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ | ഗ്രാന്റ് (റോഡിതരം) | രൂപ ബിൽ നം 44/08.02.24, 1850 രൂപ ബിൽ നം 37/20.01.24, 73575 രൂപ ബിൽ നം 38/20.01.24, 70800 രൂപ ബിൽ നം 39/23.01.24, 70800 രൂപ ബിൽ നം 40/23.01.24, 73575 രൂപ ബിൽ നം 41/31.01.24, 72600 രൂപ ബിൽ നം 42/05.02.24, 64200 രൂപ |
| ആകെ | 500000/- | 500000/- |

1) സി.സി.ടി.വി സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

മുണ്ടക്കയം എഫ്.എച്ച്.സി, എരുമേലി സി.എച്ച്.സി എന്നിവിടങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി CCTV ക്യാമറ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പ്രസ്തുത പ്രോജക്ടിലൂടെ GEM മുഖേന ആൻട്രികോം സിസ്റ്റംസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് , റാന്നി എന്ന സ്ഥാപനത്തിൽ നിന്നും Bullet Camera 17 എണ്ണവും, Dome Camera (5 MP) 7 എണ്ണവും വീഡിയോ റെക്കോർഡർ C.P + NVR 32CH/16PRT 2 എണ്ണവും (ഇൻവോയ്സ് നം ACS/12026/23-24/21-11-23- 70800 രൂപ; ACS/12029/23-24/22-11-23- 70800 രൂപ ; ACS/12032/23-24/07.12.23- 32100 രൂപ; ACS/12035/23-24/27.12.23- 32100 രൂപ;) വാങ്ങിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ഇനത്തിൽ 292350 രൂപയും (ACS/12033/23-24/27.12.23- 73575 രൂപ; ACS/12030/23-24/27.12.23- 73575 രൂപ; ACS/12031/23-24/27.12.23- 72600 രൂപ; ACS/12034/23-24/20.12.23- 72600 രൂപ) സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം- 2319261005046). കൂടാതെ ക്യാമറ ബോർഡ് സ്ഥാപിച്ച ഇനത്തിൽ 1850 രൂപ അലക്സ് ചെറിയാൻ എന്ന വ്യക്തിക്കും നൽകിയിട്ടുണ്ട്. സി.സി.ടി.വി ഇൻസ്റ്റൾ ചെയ്തത് സംബന്ധിച്ച ആൻട്രികോം സിസ്റ്റംസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ സർട്ടിഫിക്കറ്റോ പ്രവൃത്തി പൂർത്തീകരിച്ചതായി മുണ്ടക്കയം എഫ്.എച്ച്.സി, എരുമേലി സി.എച്ച്.സി മെഡിക്കൽ ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ വിവരങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിട്ടില്ല

2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികമാകുമ്പോൾ സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. ജി എസ് ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങൽ പ്രോജക്ടുകളിലെ തുക 2.5 ലക്ഷത്തിൽ അധികമാകുമ്പോൾ 2% ജി എസ് റ്റി സ്രോതസ്സിൽനിന്ന് കിഴിവ് ചെയ്താൽ മാത്രമേ

പൂർണ്ണമായ നികുതി സ്ഥാപനം അടയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയൂ.ആയതിനാൽ ഇക്കാര്യത്തിൽ സ്ത്രോതസ്സിലെ കിഴിവ് ഉറപ്പാക്കേണ്ടതാണ്.എന്നാൽ CCTV വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിട്ടില്ല.
പരാമർശിത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (14/11-12-24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ 5,00,000 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾ പരിഹരിച്ചും ജി.എസ്.ടി ഇനത്തിലുള്ള തുകകൾ നിയമപ്രകാരം അടവാക്കിയും വിവരമറിയിക്കേണ്ടതാണ്.

## 1-24 വിശുദ്ധി സേനക്ക് യൂണിഫോം- വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | 239/23-24- ശബരിമല തീർത്ഥാടനം- എരുമേലി സി.എച്ച്.സിക്ക് കീഴിൽ പ്രവർത്തിക്കുന്ന വിശുദ്ധി സേനക്ക് യൂണിഫോം വാങ്ങൽ |
| ചെലവ് | 60000 രൂപ (തനത് ഫണ്ട്) |
| | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എരുമേലി സി.എച്ച്.സി) |
| ചെക്ക് വിശദാംശങ്ങൾ (ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരം) | ചെക്ക് നമ്പർ- 5861757 തുക – 60000 രൂപ (തീയതി ചെക്ക് ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) |

പരാമർശിത പ്രോജക്ട് പ്രകാരം ശബരിമല വിശുദ്ധി സേനാംഗങ്ങൾക്ക് യൂണിഫോം ലഭ്യമാക്കുന്നതിന് കവട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് (240 രൂപ) കോട്ട് ചെയ്ത മാക്സ് മീഡിയ എന്ന സ്ഥാപനത്തിന്റെ കവട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. 250 യൂണിഫോമുകൾ ലഭ്യമാക്കുന്നതിനായി മാക്സ് മീഡിയക്ക് പരാമർശിത ചെക്ക് പ്രകാരം 60000/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത യൂണിഫോമുകൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ ഫയലിൽ ഉണ്ടെങ്കിലും വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/11-12-24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 60000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. യൂണിഫോമുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-25 തേൻമധുരം- തേനീച്ചപ്പെട്ടി വിതരണം- കൃത്യമായ മോണിറ്ററിംഗിന്റെ അഭാവത്തിൽ ഭൗതീക ലക്ഷ്യം കൈവരിച്ചത്

**ഉറപ്പാക്കാനാകുന്നില്ല**

പ്രോജക്ട് നം. 76/24 (ജനറൽ)
അടങ്കൽ- 550000 രൂപ (വികസന ഫണ്ട് )
ചെലവ്- 550000 രൂപ ( ബിൽ നം. 1/23-24/10.1.24 )
നിർവ്വഹണോദ്യോഗസ്ഥൻ- വ്യവസായ വികസന ഓഫീസർ

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. പ്രോജക്ട് പ്രകാരം "ക്യൂൻ എപികൾച്ചർ യൂണിറ്റ് വാഴൂർ" എന്ന സ്ഥാപനത്തിൽ നിന്നും 250 യൂണിറ്റ് തേനീച്ച കോളനികളും (തേനീച്ചപ്പെട്ടി ഉൾപ്പടെ ) അനുബന്ധ ഉപകരണങ്ങളും വാങ്ങി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 8 കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കുടുംബശ്രീ യൂണിറ്റ് | ഗ്രാമ പഞ്ചായത്ത് | നൽകിയ തേനീച്ച കോളനികളുടെ എണ്ണം |
|---|---|---|---|
| 1 | ദീപം | കോരുത്തോട് | 28 |
| 2 | പ്രിയദർശിനി | കോരുത്തോട് | 32 |
| 3 | അക്ഷയ | കോരുത്തോട് | 30 |
| 4 | എസ്തർ ഹണി ബീ ഫാം | എരുമേലി | 30 |
| 5 | മധുരിമ | എരുമേലി | 30 |
| 6 | കൃപ | എരുമേലി | 30 |

| | | | |
|---|---|---|---|
| 7 | റോസ് | മണിമല | 30 |
| 8 | മധുരിമ | മുണ്ടക്കയം | 40 |
| | | ആകെ | 250 |

ഫയൽ പരിശോധിച്ചതിൽ പ്രോജക്ടിന്റെ തൃപ്തികരമായ നടത്തിപ്പ് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 22/13.10.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 550000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 നിക്ഷേപ പ്രവൃത്തികൾ-പൂർത്തീകരണ വിവരം ലഭ്യമാകാതെ മുൻകൂർ ക്രമീകരിച്ചത്

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2017-18 മുതൽ 2020-21 വരെയുള്ള വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി ഭൂജല വകുപ്പിൽ 11660000/- രൂപ നിക്ഷേപിച്ചതിൽ 4258212/- രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിച്ചതായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നു. നിക്ഷേപ തുകയിൽ ബാക്കി നിന്നിരുന്ന 7401788/- രൂപ നിർദ്ദിഷ്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി വിനിയോഗിച്ച് തുകയുടെ വിനിയോഗ വിവരവും പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും 2022-23 വർഷവും ലഭിച്ചിട്ടില്ലായെന്ന് 2022-23 ഓഡിറ്റ് റിപ്പോർട്ട് ഖ.1-12 ൽ വ്യക്തമാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നിക്ഷേപിച്ച തുക | ഭൂജലവകുപ്പിൽ വിനിയോഗിച്ച തുക | മുടങ്ങികിടക്കുന്ന തുക |
|---|---|---|---|
| 2017-18 | 7,600,000 | 3,401,234 | 4,198,766 |
| 2018-19 | 1,200,000 | 757,518 | 442,482 |
| 2019-20 | 375,000 | ഇല്ല | 375,000 |
| 2020-21 | 2,485,000 | 99,460 | 2,385,540 |
| **ആകെ** | **11,660,000** | **4,258,212** | **7,401,788** |

2022-23 വർഷാവസാനം 7401788/- രൂപ ഭൂജല വകുപ്പിൽ നിക്ഷേപമായി അവശേഷിച്ചിരുന്നു എങ്കിലും 31.03.2023 ലെ ബാലൻസ് ഷീറ്റ് ബി18 ഷെഡ്യൂളിൽ ഭൂജല വകുപ്പിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന നിക്ഷേപ തുക 375000/- രൂപ എന്ന് കുറവായി കണക്കാക്കി ഉൾപ്പെടുത്തിയതായി കാണുന്നു. അതായത് 7026788/- രൂപയുടെ നിക്ഷേപതുക ആധികാരിക വിനിയോഗ രേഖകൾ കൂടാതെ കേവലം അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ ക്രമീകരിച്ചതായി കാണുന്നു. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ തുക വിനിയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരമോ ബ്ലോക്ക് പഞ്ചായത്ത് രേഖകളിൽ ലഭ്യമായിരുന്നില്ല. നിക്ഷേപ പ്രവൃത്തികളുടെ തുടർ നിരീക്ഷണം ബ്ലോക്ക് പഞ്ചായത്തിൽ നടത്തുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാക്കുന്നു. 7026788 വിനിയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികളുടെ പൂർത്തീകരണ/വിനിയോഗ വിവരങ്ങളും അവയുടെ വിശദാംശങ്ങളും ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ അതതിന്റെ മൂല്യം ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി വിശദാംശങ്ങളും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

വാർഷിക പദ്ധതികളുടെ ഭാഗമായി വിവിധ നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് നിർവ്വഹണത്തിനായി നിർവ്വഹണ ഏജൻസികളിൽ തുകകൾ നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി നിയമാനുസരണം കരാറിൽ ഏർപ്പെടേണ്ടതും നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം ലഭ്യമാകുന്ന മുറയ്ക്ക് രജിസ്റ്ററിലും സോഫ്റ്റ്‌വെയറിലും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്.

## 1-27 വിഷയാധിഷ്ഠിത അവലോകനം- മാലിന്യ സംസ്കരണം

സ.ഉ. (സാധാ) നം. 1641/2017/തസ്വഭവ തീയതി 19.5.2017 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ്&ബെയിലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ നിർദ്ദേശ പ്രകാരം ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻകേരള കമ്പനി ലിമിറ്റഡ് വാങ്ങി റോഡ് ടാറിംഗിനുവേണ്ടി പൊതുമരാമത്തു വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം എന്നിവർക്ക് വിതരണം ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ആർ.ആർ.എഫിനായി കെട്ടിടനിർമ്മാണം നടത്തുകയും പ്ലാസ്റ്റിക് ഷ്രെഡിങ്ങ് യൂണിറ്റ് സ്ഥാപിക്കുകയും ചെയ്തിരുന്നു. നിലവിൽ ആർ.ആർ.എഫ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിയുടെ കരാർ 2022 സെപ്തംബർ മാസം 30 ന് അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ആർ.ആർ.എഫ് യൂണിറ്റ് പ്രവർത്തന രഹിതമായ അവസ്ഥയിലാണുള്ളത്. ഷ്ട്രഡിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിന് ക്ലീൻ കേരള കമ്പനിയുടെ സേവനം ഉറപ്പ് വരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതാണ്.

ആർ.ആർ.എഫിന്റെ പ്രവർത്തനം നിർത്തിയ അവസരത്തിൽ ക്ലീൻ കേരള കമ്പനിയുമായി കരാറിലുണ്ടായിരുന്ന സമയത്ത് വിവിധ പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ച് വെച്ചിരുന്ന 20000 കിലോയിലധികം പ്ലാസ്റ്റിക് മാലിന്യങ്ങൾ അലക്ഷ്യമായും അശാസ്ത്രിയമായും ബ്ലോക്ക് ഓഫീസ് പരിസരത്ത് കൂട്ടിയിട്ടിരിക്കുകയായിരുന്നു. നിരവധി തവണ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 2024 സെപ്റ്റംബർ മാസം പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും ക്ലീൻ കേരള കമ്പനി നീക്കം ചെയ്തിരുന്നു.

നിലവിൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒന്നും തന്നെ ആർ.ആർ.എഫ് യൂണിറ്റിൽ നടക്കുന്നില്ല. സ്ഥാപനം നിശ്ചലാവസ്ഥയിലാണ്. ആർ.ആർ.എഫ് യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ള വിവിധ യന്ത്ര സാമഗ്രികൾ പ്രവർത്തനമില്ലാതെ നശിച്ചു പോകുന്ന അവസ്ഥയിലാണുള്ളത്. ആയതിനാൽ വയറിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിച്ച് ആർ.ആർ.എഫ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കേണ്ടതാണ്. ആർ.ആർ.എഫ് പ്രവർത്തനക്ഷമമാക്കി മാലിന്യ സംസ്ക്കരണം കൃത്യമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വലിയ തുക ചെലവഴിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിട ആസ്തികളും മറ്റ് സംവിധാനങ്ങളും നിഷ്ക്രിയമായി അവശേഷിക്കുന്ന സാഹചര്യം ഉചിതമല്ല. ആയതിനാൽ നിശ്ചലാവസ്ഥയിൽ തുടരുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്നതിലും ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ എക്സസ് തുക നൽകൽ- അധിക തുക നൽകി

പ്രോജക്ട് നം. 177/24
അടങ്കൽ- 500000 രൂപ (തനത് ഫണ്ട്)
ചെലവ്- 416024 രൂപ (ബിൽ നം. 189/14.11.23)
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

വിവിധ പ്രവൃത്തികളുടെ ടെണ്ടർ എക്സസ് തുക നൽകുന്നതിനായി മാത്രം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ 2023-24 വർഷം നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. 2022-2023 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എക്സസ്

നൽകുന്നതിനാണ് പ്രോജക്ട് വകയിരുത്തൽ പ്രകാരമുള്ള തുക ചെലവഴിച്ചത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ | നൽകിയ തുക | റിമാർക്ക് |
|---|---|---|---|
| 1 | ജിജോ മാത്യു | 323462 | 8 പ്രവൃത്തികളുടെ ടെണ്ടർ എക്സസ് |
| 2 | ബിജു തോമസ് | 44618 | 114/23 |
| 3 | മനോജ് കുമാർ ടി.എം | 19849 | 121/23, ചേനപ്പാടി ഡിവിഷനിലെ എസ്. സി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം |
| 4 | ഷാനവാസ് കെ.എം | 28095 | 123/23, മണ്ണാറക്കയം ഡിവിഷൻ ചെരുവിൽ കോളനി അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യ വികസനം |
| | ആകെ | 416024 | |

ഇതിൽ ക്രമ നമ്പർ 3 ലെ ചേനപ്പാടി ഡിവിഷനിലെ എസ്. സി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം (പ്രോജക്ട് നം. 121/23) എന്ന പ്രോജക്ടിന്റെ ജി.എസ്.ടി ഉൾപ്പടെയുള്ള ആകെ പ്രവൃത്തിമൂല്യം 519879 രൂപയായിരുന്നു. ഇതിൽ 500000 രൂപ (എസ്.സി.പി ഫണ്ട്) പ്രോജക്ട് നം. 121/23 ൽ നിന്നും ബിൽ നം. 454/25.3.23 പ്രകാരവും, ടെണ്ടർ എക്സസ് തുക 19879 രൂപ (വികസന ഫണ്ട്) പ്രോജക്ട് നം. 94/23 ൽ നിന്നും ബിൽ നം. 467/28.3.23 പ്രകാരവും 2022-23 വർഷം തന്നെ കരാറുകാരനായ മനോജ് കുമാർ ടി.എം.ന് നൽകിയിരുന്നു. ആയതിനാൽ പ്രോജക്ട് നമ്പർ 177/24 ൽ നിന്ന് 19849 രൂപ 121/23-ാം നമ്പർ പ്രോജക്ടിന്റെ ടെണ്ടർ എക്സസ് ആയി മനോജ് കുമാർ ടി.എം.ന് നൽകിയത് അധികച്ചെലവാണ്. വിവിധ പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന്റെ ആധികാരിക വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താതെയും കൃത്യമായ പരിശോധന കൂടാതെയും ഇപ്രകാരം അനർഹമായി തുക പിൻവലിച്ച് നൽകുന്ന നടപടി ഉചിതമല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉപേക്ഷ/ ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ട്.

ക്രമ നമ്പർ 4 ലെ മണ്ണാറക്കയം ഡിവിഷൻ ചെരുവിൽ കോളനി അടിസ്ഥാന സൗകര്യ വികസനം (പ്രോജക്ട് നം. 123/23) എന്ന പ്രോജക്ടിന്റെ ജി.എസ്.ടി ഉൾപ്പടെയുള്ള ആകെ പ്രവൃത്തിമൂല്യം 531909 രൂപയായിരുന്നു. ഇതിൽ 505904 രൂപ (എസ്.സി.പി ഫണ്ട്) പ്രോജക്ട് നം. 123/23 ൽ നിന്നും ബിൽ നം. 495/28.3.23 പ്രകാരം 2022-23 വർഷം തന്നെ കരാറുകാരനായ ഷാനവാസ് കെ.എം. ന് നൽകിയിരുന്നു. ആയതിനാൽ ടെണ്ടർ എക്സസ് ആയി ഷാനവാസ് കെ.എം. ന് നൽകേണ്ട തുക 26005 (531909- 505904) രൂപയായിരുന്നു. എന്നാൽ പ്രോജക്ട് നമ്പർ 177/24 ൽ നിന്ന് ഷാനവാസ്

കെ.എം. ന് 28095 രൂപ അനുവദിച്ചു. അധികം നൽകിയ തുക 2090 രൂപ (28095- 26005). കരാറുകാരായ മനോജ് കുമാർ ടി.എം, ഷാനവാസ് കെ.എം. എന്നിവർക്ക് ആകെ 21939 രൂപ (19849 + 2090) അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 21/20.12.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 21939 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. നിരാകരിച്ച 19849 രൂപയും 2090 രൂപയും യഥാക്രമം കരാറുകാരായ മനോജ് കുമാർ ടി.എം, ഷാനവാസ് കെ.എം. എന്നിവരിൽ നിന്നും തിരികെ ഈടാക്കാൻ കഴിയാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. മേൽ പ്രോജക്ട് പ്രകാരം ടെണ്ടർ എക്സസ് നൽകിയ എല്ലാ പ്രവൃത്തികളുടെയും മുൻവർഷത്തെ ബിൽ വിശദാംശങ്ങൾ പരിശോധിച്ച് അധികം തുക നൽകിയിട്ടില്ലെന്ന് ഉറപ്പാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 3-2 വനിതാ ഗ്രൂപ്പുകൾക്ക് കിഴങ്ങുവിള കൃഷിക്ക് വിത്ത് വിതരണം-അധിക നിരക്കിൽ തുക നൽകി

പ്രോജക്ട് നം. 213/24
അടങ്കൽ- 500000 രൂപ (വികസന ഫണ്ട്)
ചെലവ്-500000 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി അസിസ്റ്റന്റ് ഡയറക്ടർ

കാഞ്ഞിരള്ളി ബ്ലോക്ക് പഞ്ചായത്തിൽ 2023-24 ൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. പ്രോജക്ട് പ്രകാരം KAICO റീജിയണൽ ഓഫീസ് തിരുവല്ലയിൽ നിന്നും കിറ്റൊന്നിന് 500 രൂപ നിരക്കിൽ 1000 കിറ്റുകൾ വാങ്ങി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 ഗ്രാമ

പഞ്ചായത്തുകളിലെ 105 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം/ തീയതി | തുക | ബിൽ നം/ തീയതി | കിറ്റുകളുടെ എണ്ണം |
|---|---|---|---|---|
| 1 | V-2072A/23-24/26.2.24 | 195000 | 13/23-24/28.2.24 | 390 |
| 2 | V-2140A/23-24/29.2.24 | 92500 | 14/23-24/5.3.24 | 185 |
| 3 | V-2141A/23-24/4.3.24 | 92500 | 16/23-24/7.3.24 | 185 |
| 4 | V-2142A/23-24/7.3.24 | 75000 | 17/23-24/25.3.24 | 750 |
| 5 | V-2143A/23-24/12.3.24 | 45000 | 17/23-24/25.3.24 | 90 |
| | ആകെ | 500000 | | 1000 |

ഇൻവോയ്സ് പ്രകാരം ഒരു കിറ്റിൽ കിലോഗ്രാമിന് 60 രൂപ നിരക്കിൽ 3 കിലോ ചേനയും, കിലോഗ്രാമിന് 81 രൂപ നിരക്കിൽ 2 കിലോ ചേമ്പും, കിലോഗ്രാമിന് 51 രൂപ നിരക്കിൽ 3 കിലോ കാച്ചിലുമാണ് ഉള്ളത്. ഇപ്രകാരം ഒരു കിറ്റിന് 495 രൂപയാണ് (60x3 + 81x2+ 51x3) വില വരുന്നത്. കിറ്റിന് 495 രൂപ നിരക്കിൽ 1000 കിറ്റുകൾക്ക് 495000 രൂപയാണ് നൽകേണ്ടിയിരുന്നത്. അതായത് 5000 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 7/1012.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയില്ല. 5000 രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. KAICO തിരുവല്ല റീജിയണൽ ഓഫീസിൽ നിന്നും 5000 രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും 5000 രൂപ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2023-24 | 25.06.2024 | 12.12.2024 |

ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 3(1)/22.06.2024 നം. തീരുമാനം പ്രകാരം, വാർഷിക ധനകാര്യ പത്രികയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 196000 രൂപ പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 2023-24 | 196000/- | പി.എം.എ.വൈ. (ജനറൽ) ബ്ലോക്ക് വിഹിതം (10/23-24) | 196000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ കെബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | കെ.എസ്.ഇ.ബി മണിമല സെക്ഷൻ | മണിമല ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ | 497370 | 497370 | 0 |

| | | | | | |
|---|---|---|---|---|---|
| | | സ്ട്രീറ്റ് ലൈറ്റ് മെയിൻ വലിക്കൽ 67/2024 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

2023-2024 വാർഷിക ധനകാര്യ പത്രിക പ്രകാരം, ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ ബാധ്യതയായി മുന്നിരിപ്പോ തിരിച്ചടവാക്കുവാൻ അവശേഷിക്കുന്ന തുകയോ ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2023-2024 വാർഷിക ധനകാര്യ പത്രിക പ്രകാരം, ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5 | 2004-05 | 2-1 | വ്യവസായ എസ്റ്റേറ്റിനായി വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ് ആരംഭിച്ചില്ല | നടപടികൾ തുടരുന്നു. |
| 2002-03 | 3-2 | 2005-06 | 2-25-1 | അംഗീകാരമില്ലാത്ത SGRY പദ്ധതികൾക്ക് വകമാറ്റി മുൻകൂർ നൽകി | ,, |
| 2003-04 | 3-2 | 2005-06 | 2-25-2 | കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടിയിൽ ക്രമക്കേടുകൾ | ,, |
| 2004-05 | 3-2 | 2007-08 | 3-36-1 | യുവജന കായികക്ഷമതാ പരിപാടി- കരാറുകാരൻ | ,, |

| | | | | | |
|---|---|---|---|---|---|
| | | | | വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/ സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 70,618,773/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 73,783,487/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം | | 67,898,110/- |

| | | |
|---|---|---|
| (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 74,479,797/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 26939 /- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **37,06,443/-** |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 21939/- | ശ്രീന.എസ്, അസിസ്റ്റന്റ് എൻജിനീയർ. |
| 3-2 | | 5000/- | നിഷ മാമൻ, കൃഷി |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് ഡയറക്ടർ |
| ആകെ | | 26939/- | |

## <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 6,24,900/- | ശ്രീന എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 1-17 | 4,46,543 /- | ശ്രീന എസ്, അസിസ്റ്റന്റ് എൻജിനീയർ |
| 1-19 | 12,02,000/- | നിഷ മാമൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-20 | 170000/- | അജി പി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-21 | 153000/- | ശ്രീ. അനീഷ് വി നായർ, പട്ടികജാതി വികസന ഓഫീസർ |
| 1-23 | 500000 | ഡോ.റെക്സൺ പോൾ, സി എച്ച് സി, എരുമേലി |

| | | |
|---|---|---|
| 1-24 | 60000 | ഡോ.റെക്സൺ പോൾ, സി എച്ച് സി, എരുമേലി |
| 1-25 | 5,50,000 | ഫൈസൽ കെ.കെ, വ്യവസായ വികസന ഓഫീസർ |
| **ആകെ** | **37,06,443/-** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നിഷ മാമൻ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കാഞ്ഞിരപ്പള്ളി | പുളിക്കൽ അരുവിത്തുറ പി.ഒ വേലുകാണാപ്പാറ-686122 |

| | | |
|---|---|---|
| അഗ്രികൾച്ചർ, കാഞ്ഞിരപ്പള്ളി | ബ്ലോക്ക് പഞ്ചായത്ത് | |
| ശ്രീന. എസ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | കാട്ടുങ്ങൽ പറമ്പിൽ ശാന്തിനഗർ കട്ടപ്പന സൗത്ത് പി ഒ ഇടുക്കി-685515 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2024 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ-18/811(1)/2018/07.05.2018 | 13 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ-18/811(2)/2018/07.05.2018 | 13 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ-18/811(3)/2018/07.05.2018 | 05 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ-18/811(4)/2018/07.05.2018 | 05 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ-18/811(5)/2018/07.05.2018 | 03 |
| 2010-11 | എൽ.എഫ്.കെ.പി13/791(5)/2013/04.09.2013 | - |
| 2011-12 | എൽ.എഫ്.കെ.പി13/718/2013/11.10.2013/01.11.2013 | - |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ-18/811(6)/2018/07.05.2018 | 8 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി15/ അദാ-18/811(7)/2018/07.05.2018 | 10 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി15/898(16-17)/ അദാ/2024/21.06.2024 | 2 |
| 2017-18<br>Spl. Report | കെ.എസ്.എ-കെ.ടി.എം.പി15/932/2019/24.08.2019<br>കെ.എസ്.എ-കെ.ടി.എം.പി2/172/2018(5)/07.03.2018(CAR) | 18<br>3 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി15/898(17-18)/ അദാ2024// 21.06.24 | |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി15/99/23/05.05.2023 | 14 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി15/898/(2019-20) അദാ 2024/21.06.24 | 4 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി15/898(20-21)/അദാ 2024/21.06.24 | 9 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി15/898(20-21)/അദാ 2024/20.07.24 | 13 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി15/1415/2023/ 14.02.24 | 18 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 22-06-2024 and submitted on 25-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kanjirappally Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kanjirappally Block Panchayat as on 31-03-2024

**Date: 23/12/2024** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kanjirappally Block Panchayat for the Year 2023-2024.

### 1.Major Observations

1) Basic records are not available to verify the accuracy of General Fund, Capital Reserves and Capital Contribution of the Block Panchayat as on 31.03.2024, as reflected by balance sheet.
2) Asset Register has not been updated. Hence the position of fixed assets as reflected by the respective schedule of balance sheet could not be confirmed.

### 2.Other Observations

1) The amount as reflected in B18 Schedule (unutilised amount deposited in various agencies) does not reflect actual position as on 31.03.2024.
2) The amount as per the DCB register of rent has not been reconciled with those as supplied in AFS.

3) Advance register, Deposit register, Government/Other dues register etc, has not been maintained properly. Hence the position in respect of these items as on 31.03.2024 are subject to confirmation.

4) Documents and necessary work sheet in support of provision for depreciation on fixed assets not produced for verification.

5) Depreciation is calculated for Sewerage& drainage, but which not included in the asset side of balance sheet.

6) The vehicle purchased in 2023-24 FY is not accounted as asset and hence not reflected in the Balance sheet.

7) The assets created in 2023-24 FY are not accounted as capital contribution.

8) The details of values reflected in the head of accounts 320300199(B 4 Schedule) and 311100199 (B 2 Schedule) were not explained.

9) Rs 4,46,868 adjusted as Prior Period (Schedule I-18) has not been explained through Notes on Account.

**Senior Deputy Director**
**Kerala State Audit Department**

# <u>അനുബന്ധം-2</u>
# <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്